പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2965 **29-10-2026-ൽ മറുപടിയ്ക്ക്**

സർവ്വീസ് ആനുകൂല്യം അനുവദിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. നവാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2016-17 അധ്യയന വർഷം മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ അധികതസ്തികകളിലും പുതിയ സ്കൂളുമായി ബന്ധപ്പെട്ടും മറ്റും ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് 06/02/2021 ലെ സ.ഉ. (അച്ചടി) 4/2021 പൊ.വി.വ. പ്രകാരം നിയമന അംഗീകാരം നൽകിയപ്പോൾ മറ്റെല്ലാ സർവീസ് ആനുകൂല്യങ്ങളും അനുവദിക്കുകയും ജോലി ചെയ്ത കാലയളവിലെ സാമ്പത്തിക ആനുകൂല്യം(ശമ്പളം) നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ;

മറുപടി:

ചട്ടം പാലിക്കാതെ നടത്തിയ നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിന് 06/02/2021 ലെ സ.ഉ.(പി) നം. 4/2021/പൊ.വി.വ. ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം, നിയമന തീയതി മുതൽ നോഷണൽ ആയി നിയമനാംഗീകാരം നല്കാവുന്നതാണ് എന്നും 06.02.2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കാവുന്നതുമാണ് എന്നും സർക്കാർ നിർദേശം നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് 2016 മുതൽ 2021 വരെ നിയമനം ലഭിച്ച അധ്യാപകരുടെ സർവീസ് 05.02.2021 വരെ നോഷണൽ ആയി നിലനിർത്തിയത്. നിലവിൽ വിഷയത്തിൽ നിരവധി കേസുകൾ ബ ഹു. കോടതിയുടെ പരിഗണനയിലാണ്. ടി കേസുകളുടെ അന്തിമ വിധിന്യായം വരുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഇപ്രകാരം കേരളത്തിൽ നോഷണലായി നിയമന അംഗീകാരം ലഭിച്ച എത്ര അധ്യാപകർ ഉണ്ടെന്ന് തസ്തികയും ജില്ലയും തിരിച്ച് വിശദമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ അധ്യാപകർക്ക് ശമ്പള ആനുകൂല്യം നൽകുന്നതിന് ഏതെങ്കിലും കോടതി ഉത്തരവ് തടസ്സമാകുന്നുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

മറുപടി: ചട്ടം പാലിക്കാതെ നടത്തിയ നിയമനങ്ങൾ ക്രമപ്പെടുത്താനാണ് 06.02.2021 ലെ സ. ഉ. (പി) നം.4/2021/പൊ.വി.വ ഉത്തരവിലെ നിർദേശം. മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം,

നിയമന തീയതി മുതൽ നോഷണൽ ആയി നിയമനാംഗീകാരം നല്കാവുന്നതാണ് എന്നും 06.02.2021 മുതൽ ശമ്പളവും മറ്റ് അനുകൂല്യങ്ങളും നല്കാവുന്നതുമാണ് എന്നും സർക്കാർ നിർദേശം നല്കിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിലാണ് 2016 മുതൽ 2021 വരെ നിയമനം ലഭിച്ച അധ്യാപകരുടെ സർവീസ് 05.02.2021 വരെ നോഷണൽ ആയി നിലനിർത്തിയത്. സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുകയില്ല എന്നുള്ളത് ടി സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ഡി) മാനേജ്മെന്റ് നൽകിയ നിയമന പ്രൊപ്പോസലിൽ നിശ്ചിത സമയത്തിനുള്ളിൽ നടപടി സ്വീകരിക്കാത്തതുമൂലം അധ്യാപകർ ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ അധ്യാപകർക്ക് ശമ്പളം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> 06/02/2021 സ.ഉ.(പി)നം .04/2021/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2016 മുതൽ 2021 വരെ നിയമനം ലഭിച്ച അധ്യാപകരുടെ സർവീസ് 05.02.2021 വരെ നോഷണൽ ആയി നിലനിർത്തിയത്. നിലവിൽ വിഷയത്തിൽ നിരവധി കേസുകൾ ബഹു.കോടതിയുടെ പരിഗണനയിലാണ്. ടി കേസുകളുടെ അന്തിമ വിധിന്യായം വരുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ